# ഇടശ്ശേരിയുടെ മാതൃകാപുരുഷൻ

**മാധവൻ അയ്യപ്പത്ത്**

ഇടശ്ശേരിയുടെ മാതൃകാമനുഷ്യൻ ആര് എന്ന ചോദ്യത്തെ രണ്ടു തരത്തിൽ സമീപിക്കാം. ഇതു കൂടാതെ ഒരു മറുചോദ്യംകൊണ്ട് നേരിടുകയുമാവാം.

ആദ്യത്തെ സമീപനം ആദർശത്തിന്റെ വഴിയാണ്.

ബഹുമാന്യനായി, ആദരണീയനായി, ആരാധ്യനായി, ശരണ്യനായി, അനുകരണീയനായി ഒരു മനുഷ്യൻ എന്ന സങ്കല്പം ഇടശ്ശേരിക്കുണ്ടായിരുന്നുവോ?

രണ്ടാമത്തെ സമീപനം ഉദാഹരണത്തിന്റേതാണ്. ഇടശ്ശേരിയുടെ സാഹിത്യപ്രപഞ്ചത്തിൽ ഒരു മനുഷ്യൻ ശരിക്കെങ്ങനെയിരിക്കണം എന്ന സങ്കല്പം ഉണ്ടായിരുന്നുവോ?

മറുചോദ്യം ഇതാണ്: ഇടശ്ശേരിയുടെ മാതൃകാമനുഷ്യൻ?

ഇത്തരത്തിലുള്ള ചെറിയ ചില അന്വേഷണങ്ങൾ മാത്രമാണ് ഇവിടെ ഉദ്ദേശിക്കുന്നത്. 'എന്റെ കവിത' എന്ന തന്റെ ലേഖനത്തിൽ ഇടശ്ശേരി എഴുതിയ ഒരു വാക്യത്തിൽനിന്നു മനസ്സിലാക്കേണ്ടത് നമ്മുടെ അന്വേഷണത്തിന് ഇടശ്ശേരിയുടെ മൗനാനുവാദം ഉണ്ട് എന്നു തന്നെയാണ്. ആ വാക്യം ഇതാ 'എന്നാലും പള്ളിച്ചുണ്ട'ലെഴുതിയതിനു ഞാനൊരു യുക്തിവാദിയാണെന്നു കേട്ടപ്പോഴും 'പണിമുടക്ക'മെഴുതിയതിനു ഞാനൊരു കമ്മ്യൂണിസ്റ്റാണെന്നു കേട്ടപ്പോഴും എനിക്ക് ചിരിക്കാതിരിക്കാൻ പറ്റിയില്ല."

'അപ്പോൾ, പുറംകാഴ്ച വേറെ, അകമ്പൊരുൾ വേറെ' എന്നു തന്നെയല്ലെ ഇടശ്ശേരി ഒരു കള്ളച്ചിരിയോടെ പറഞ്ഞു തരുന്നത്?

ആദർശപുരുഷൻ ആര് എന്ന ചോദ്യത്തിനു ഗാന്ധിജി, ബുദ്ധൻ എന്നൊക്കെ ഉത്തരം കേട്ടിട്ടുണ്ട്. ഈ രണ്ടു മനുഷ്യരും ഇടശ്ശേരിയുടെ ചിന്തയെ സ്വാധീനിച്ചിട്ടുണ്ട് എന്നതിൽ സംശയമില്ല.

1969-ൽ എഴുതിയ 'ഗാന്ധിജി എനിക്കെന്തു തന്നു' എന്ന ലേഖനത്തിൽ ഇടശ്ശേരി തന്നെ ഇങ്ങനെ രേഖപ്പെടുത്തിയിട്ടുണ്ടല്ലൊ. "ഞാൻ ഗാന്ധിജിയെ ചിത്രീകരിക്കുന്ന ഒരു കവിതയും എഴുതിയിട്ടില്ല. ഗാന്ധിജി എന്ന വ്യക്തിയെ ചിത്രീകരിച്ചില്ലെങ്കിലും ഗാന്ധിജിയെ സ്മരിച്ചുകൊണ്ടല്ലാതെ സാഹിത്യത്തിൽ ഒരു വരിപോലും എഴുതിയിട്ടില്ല. കാവ്യനിർമിതിക്ക് ഒരുമ്പെടുന്ന എന്റെ മനസ്സിൽ ആ മഹാത്മാവിന്റെ ആശയാദർശങ്ങളോട് അനുകൂലമായും പ്രതികൂലമായും ഉയർന്നു വന്ന എല്ലാ പ്രതികരണങ്ങളും എന്റെ എഴുത്തിൽ പ്രതിഫലിച്ചിട്ടുണ്ട്." ഇതെഴുതുമ്പോഴേയ്ക്കും ഇടശ്ശേരിയുടെ മേത്തരം കൃതികളൊക്കെ വന്നുകഴിഞ്ഞിരുന്നു. അദ്ദേഹം തുടർന്നെഴുതുന്നു. "ജീവിതത്തെക്കുറിച്ച് സാരമായി ചിന്തിച്ചവരിൽ എനിക്ക് പരിചിതൻ ഗാന്ധിജി മാത്രമാണ്. അതുകൊണ്ട് എന്റെ ജീവിതത്തിൽ വളർച്ചയെന്നു വിശേഷിപ്പിക്കാവുന്ന വല്ല പരിവർത്തനവും ഉണ്ടായിട്ടുണ്ടെങ്കിൽ അതിനുള്ള പ്രേരണ മറ്റൊന്നിൽ നിന്നാവാൻ വയ്യ" (ഇടശ്ശേരിയുടെ പ്രബന്ധങ്ങൾ)

ഇടശ്ശേരി തന്നെ ഇത്രയും വെളിവായി പറഞ്ഞിട്ടുള്ളതിനാൽ ഗാന്ധിജിയുടെ സ്വാധീനത്തെക്കുറിച്ച് വേറെ അന്വേഷണം ആവശ്യമില്ല. എന്നാൽ മുകളിൽ എടുത്തു ചേർത്ത വാക്യത്തിലെ ഒരു ഭാഗം ശ്രദ്ധിക്കേണ്ടതുണ്ട് "അനുകൂലമായും പ്രതികൂലമായും ഉയർന്നുവന്ന പ്രതികരണങ്ങൾ" ചില ആശയങ്ങളോട് പ്രതികൂലമായ പ്രതികരണം ഉണ്ടായിരുന്നുവെന്നാണല്ലോ ഇടശ്ശേരി തന്നെ പറയുന്നത്. ഇത്തരം ഒരു സന്ദർഭം 'തിരിച്ചെത്തൽ' എന്ന നാടകത്തിൽ കാണാം. അതിലെ മാസ്റ്റർ എന്ന കഥാപാത്രം ഒരു ഗാന്ധി ആദർശക്കാരനാണ്. നാട്ടുപ്രമാണിയായ കേളുമേനോൻ ചെയ്യുന്ന അക്രമം ചെറുക്കാൻ കെല്പില്ലാതെ സമാധാനത്തിന്റെ പേരും പറഞ്ഞ് നാടുവിട്ടുപോയ ഭാസ്കരന്റെ വീട്ടിൽ പണം കൊടുത്ത് ഉണ്ടുതാമസിക്കുന്ന അതിഥിയാണയാൾ. പുതിയ വിശ്വാസപ്രമാണത്തിന്റെ കരുത്തിൽ തിരിച്ചുവന്ന ഭാസ്കരൻ, മേനോന്റെ അനന്തരവൻ കൃഷ്ണമേനോൻ തുടർന്നുവന്ന അക്രമത്തിനെതിരെ കൈക്രിയ നടത്തി ജയിലിലായപ്പോൾ മാസ്റ്റർ താമസം മാറ്റാൻ തീരുമാനിച്ചു. തന്റെ തീരുമാനം വിശദീകരിക്കുന്നതിങ്ങനെ: "വിശേഷിച്ചൊന്നുല്യ കുഞ്ഞാലി. ഞാൻ ശാന്തിയും സമാധാനവുമാണ് ആശിക്കുന്നത്. അതില്ലാതെ എനിക്കു ജീവിച്ചുകൂടാ. ഭാസ്കരൻ ജയിലിലായി. അതെനിക്കു സമ്മതമാകുമായിരുന്നു. ഈ നിലയ്ക്കല്ല അങ്ങനെ വേണ്ടിവന്നതെങ്കിൽ കൃഷ്ണമേനോനെ അടിച്ചില്ലേ? അതെനിക്കു ശരിയാണെന്നു വിചാരിക്കാൻ വയ്യ."

വെട്ടാൻവരുന്ന പോത്തിന്റെ കാതിൽ വേദമോതിയിട്ടു കാര്യമില്ല എന്ന നാട്ടറിവായിരിക്കും ഇടശ്ശേരിക്ക് "ഒരു കവിളത്തടിച്ചാൽ മറ്റേ കവിളും കാണിച്ചുകൊടുക്കുക" എന്ന ചൊല്ലിനെക്കാൾ സാധുവായി തോന്നിയിരിക്കുക. മാസ്റ്റർ പറഞ്ഞ ശാന്തിയും സമാധാനവും കേളുമേനോന്റെ മുഷ്കിന്റെ മുൻപിൽ വിലപ്പോകാത്തതിനാലാണല്ലോ ഭാസ്കരനു നാടുവിട്ടുപോകേണ്ടിവന്നത്. സന്ന്യാസിയായിത്തീർന്ന ആ കേളുമേനോൻ തന്നെയാണു ഭാസ്കരനെ ഇങ്ങനെ ഉപദേശിക്കുന്നത്. താങ്കൾക്ക് അവകാശപ്പെട്ടതിനെ വീണ്ടെടുക്കുക തന്നെയാണു ശ്രേയോമാർഗം. അതിനുവേണ്ടി തല്ലേണ്ടിവന്നാൽ തല്ലണം തല കീറേണ്ടിവന്നാൽ കീറണം. നിന്റെ വാൾ ഇടിവാ

ളുപോലെ കനത്തിൽ പതിക്കട്ടെ. സംശയിക്കരുത്. ഇടയ്ക്ക് നിൽക്കരുത്. "സ്വസ്തി." മാസ്റ്റർ പിന്മാറേണ്ടിവന്ന ഒരു സന്ദർഭമിതാണ് "ഞാൻ ത്യജിച്ചു, സർവവും ത്യജിച്ചു" എന്നു ഭാസ്കരൻ പറയുമ്പോൾ അയാൾക്ക് ത്യജിക്കാൻ സ്വന്തമായി ഒന്നുമുണ്ടായിരുന്നില്ല, ഭീരുത്വമൊഴികെ. അങ്ങനെയുള്ള ഭാസ്കരനോടാണു മുഷ്കു മൂത്ത് സന്ന്യാസത്തിലെത്തിയ കേളുമേനോൻ പറഞ്ഞുകൊടുക്കുന്നത്. "ഒരു കാട്ടാളന്റെ ശക്തിയാണ് ഒരു മര്യാദക്കാരന്റെ ദൗർബല്യത്തെക്കാൾ അധികം ഞാൻ മതിക്കുന്നത്. ശക്തി ഒരിടത്തും അഗണ്യമല്ല. അശക്തി എവിടെയും വർജ്യമാണ്." സന്ന്യാസിയുടെ വാക്കുകളിൽ ഇടശ്ശേരിയുടെ ഉള്ളിലെ മുഴക്കമല്ലെ നാം കേൾക്കുന്നത്? മുൻപു പറഞ്ഞ പ്രതികൂലമായ പ്രതികരണത്തിന്റെ ഒരു ഉദാഹരണം.

'തിരിച്ചെത്തൽ' എഴുതിയത് 1955-നും 1957-നും ഇടയ്ക്കായിരിക്കണം. 'ചന്തുവും ഒതേനനും' എന്ന കവിത 1933-ൽ എഴുതിയതാണ് അതിലെ നാലുവരി:

"പുരുഷവാരാശികളവരന്നറിഞ്ഞില്ല
ഭീരുത്വം സമാധാനപര്യായപദമെന്നും
ആരുമാശിക്കും ക്ഷമാഗുണത്തെ നേടാനേറ്റം
ചേരുന്ന മാർഗം തുലോം ദൗർബല്യമെന്നുള്ളതും."

സമാധാനം, ക്ഷമ മുതലായവ ധൈര്യത്തിന്റെയും ശക്തിയുടെയും പിൻബലത്തിൽ മാത്രമേ ആദർശങ്ങളാകുന്നുള്ളു.

1950-നു മുൻപെഴുതിയതാണു 'കൂട്ടുകൃഷി'. ആറേഴുകൊല്ലം കഴിഞ്ഞു വന്നതാണു 'തിരിച്ചെത്തൽ'. ഈ രണ്ടു നാടകങ്ങൾ അടുത്തടുത്തുവച്ചു വായിച്ചുനോക്കൂ. മുഷ്കിനെ നേരിടാനുള്ള വഴികളെക്കുറിച്ചുള്ള ധാരണ ഇടശ്ശേരിയുടെ മനസ്സിൽ പരിണാമം കൊണ്ടതിന്റെ ചിത്രം നമുക്കു കിട്ടും. കൂട്ടുകൃഷിയിലെ ആദർശധീരനായ ശ്രീധരൻ നായർക്ക് സമാധാനപരമായ കർമപരിപാടിയിലൂടെ കൂട്ടുപ്രവർത്തനം എന്ന ആശയം സാക്ഷാത്കരിക്കാൻ കഴിഞ്ഞു. ആ നാടകത്തിൽ രണ്ടു വീക്ഷണങ്ങൾ തമ്മിലായിരുന്നു ശക്തിപരീക്ഷണം. സ്വന്തം തീർപ്പ് സ്വയം നടപ്പാക്കുന്ന ബലപ്രയോഗം അവിടെ ഉണ്ടായിരുന്നില്ല. കുടിയൊഴിപ്പിക്കൽ അന്ന് ആമിൻ എന്ന ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിലാണ് 'തിരിച്ചെത്ത'ലിലെത്തുമ്പോഴേയ്ക്കും കൈയൂക്കിനായി പ്രാമാണ്യം ഇവിടെ കുടിയൊഴിഞ്ഞുപോകലല്ല. വീടുവിട്ടോടിപ്പോകലാണ്. കാര്യങ്ങൾ അങ്ങനെയാകുമ്പോൾ ശാന്തി, സമാധാനം, അഹിംസ എന്നും മറ്റും പറഞ്ഞ് ഒഴിഞ്ഞുമാറുന്നത് ഭീരുത്വമാണെന്നും ബലം കൊണ്ടു ചെറുത്താൽ മാത്രമേ മുഷ്കുകളെ മര്യാദയുടെ വഴിക്ക് മനംമാറ്റാൻ കഴിയൂ എന്നുമാണല്ലൊ തിരിച്ചെത്തലിലെ കഥാപാത്രങ്ങൾ കാണിച്ചുതരുന്നത്. ഒതുങ്ങിനിന്നു വഴിയൊരുക്കുന്ന ഓരോ കഥാപാത്രമുണ്ട് രണ്ടിലും. 'കൂട്ടുകൃഷി'യിലെ വേലു. 'തിരിച്ചെത്ത'ലിലെ കുഞ്ഞാലി നാടകത്തിൽ രണ്ടുപേർക്കും ചെയ്യാനുള്ളത് ഏതാണ്ടൊന്നു തന്നെ.

അധീശക്തിയുടെ ആന്തരികഘടന അനുസരിച്ചുവേണം മോചനോപായം തിരഞ്ഞെടുക്കുവാൻ എന്നായിരിക്കാം ഇടശ്ശേരിക്ക് അഭിപ്രായം. എല്ലാ പനിക്കും ഒരേ മരുന്ന് പറ്റില്ലല്ലോ.

മാർഗത്തെക്കുറിച്ചുള്ള ഈ കാഴ്ചപ്പാട് 1933-ൽ എഴുതിയ 'ചന്തുവും ഒതേനനും' എന്ന കവിതയിൽത്തന്നെ കണ്ടു. 1944-ലെ 'കൈക്കോട്ടിന്റെ ചിരി' എന്ന കവിത ഇതോടൊന്നിച്ച് വായിക്കാവുന്നതാണ്. 'ചെയ്തിയിൽ മാത്രമധികാരം തേ ഫലത്തിില്ലേതുമേ' അയൽക്കാരൻ ഏറ്റുപാടുന്ന ഈ പാട്ട് കാവ്യനായകന്റെ വളർത്തുതത്ത കേട്ടുപഠിച്ച് കൂടെക്കൂടെ പാടുന്നു. കാവ്യസമാപ്തിയിൽ നായകന്റെ മൊഴി ശ്രദ്ധിക്കുക:

"എന്നെന്നും മൺവെട്ടിയാൽ കണ്ടങ്ങൾ കിളച്ചിടു-
കെന്നതല്ലല്ലൊ കർമപദ്ധതിയെല്ലാവർക്കും.
ഇന്നെന്റെ കൈക്കോട്ടിനു കർമ്മഭൂ പതിവുപോ-
ലെൻ വയലിലെ മൺകട്ടകളല്ലതോ പിന്നെ
എൻ നിലം കൈയേറുവാൻ വന്നതാമപഹർത്ത്യ-
വൃന്ദത്തിൻ ദുരമൂത്ത മസ്തകാവലിയത്രെ.
ഹാ! രസം പാടു തത്തേ, 'ചെയ്തിയിൽ മാത്രമധി-
കാരമേവർക്കും, ഫലത്തിങ്കലില്ലെന്തായാലും.'
നോക്കിനിൽക്കരുതേതും മൺവെട്ടിവെട്ടിത്തേഞ്ഞ
കൈക്കോട്ടിൻ നിണംവറ്റിക്കരിയും മുഖത്തുനീ."

അടിമത്തം അവസാനിപ്പിച്ചുകൊടുത്ത മോചകന് നാടിന്റെ രക്ഷകനാകാനുള്ള കടമ കൂടിയുണ്ടെന്ന് ഇടശ്ശേരിക്ക് അഭിപ്രായമുണ്ടായിരുന്നിരിക്കണം. 1958 മെയ് മാസത്തിൽ പ്രസിദ്ധപ്പെടുത്തിയ 'വരദാനം' എന്ന കവിതയിലെ ചില വരികൾ നോക്കാം. കൂനു നിവർന്നുകിട്ടിയ സൈരന്ധ്രി പറയുന്നു:

"കാരുണ്യവായ്പേ നീ വെട്ടിയല്ലൊ
പാരിന്റെ കാലിലെ ചങ്ങലകൾ.
ഒട്ടിടയമ്മാനമാടി നീയി-
ന്നാട്ടിനെ പിന്നെ വലിച്ചെറിഞ്ഞു"

കംസനെക്കൊന്ന് നാടു രക്ഷിച്ച കൃഷ്ണനോട് രാമൻ പറയുന്നു:

"പറിച്ചുനട്ടു നീ കൃഷ്ണാ പടരുന്നൊരു വല്ലിയെ
നിനക്കാണിനിയും ഭാരം പന്തലിട്ടു കൊടുക്കുവാൻ."

1969-ലെ 'ഗാന്ധിജി എനിക്കെന്തു തന്നു' എന്ന ലേഖനത്തിൽ ഇടശ്ശേരി എഴുതിയ ഒരു വരി വീണ്ടും ഓർമിക്കാം. "എങ്കിലും ഗാന്ധിജിയെ സ്മരിച്ചുകൊണ്ടല്ലാതെ സാഹിത്യത്തിൽ ഒരു വരി പോലും ഞാനെഴുതിയിട്ടില്ല." 'കവിത എന്റെ വീക്ഷണത്തിൽ' എന്ന ലേഖനത്തിലെ ചില വാക്യങ്ങൾ കൂടി ഇവിടെ ഓർക്കാം. "ഞാനൊരു ഈശ്വരവിശ്വാസിയാണ്. എങ്കിലും എന്നെ എക്കാലവും അലട്ടിക്കൊണ്ടിരുന്ന വിശപ്പിനെയും സ്നേഹശൂന്യതയെയും പ്രതിപാദിക്കേണ്ടിവരുമ്പോൾ ആസ്തിക-സാധാരണമായ വിനയവും തത്ത്വശാസ്ത്രങ്ങളുടെ നേരെ വേണ്ട ബഹുമാനവും എന്നെ വിട്ടുപിരിയാറുണ്ട്. ഇതുകാരണം ഗാന്ധിജിയെപ്പിടിച്ച് പലപ്പോഴും ആണയിടാറുള്ള കവിയുടെ പല കവിതകളിലും ഗാന്ധിസത്തെ ധിക്കരിക്കുന്നതോ ആസ്തികതയെത്തന്നെ ചോദ്യം ചെയ്യുന്നതോ ആയ ആശയഗതികൾ ചിതറിക്കിടക്കുന്നതു കാണാം."

1963-ലെ 'പൊട്ടി പുറത്ത്, ശീവോതി അകത്ത്' എന്ന കവിതയിലെ ഒരു ശ്ലോകം ഓർക്കാം:

"വെളിച്ചം തൂകിടുന്നോളം പൂജാർഹം താനൊരാശയം
അതിരുണ്ടഴൽ ചാറുമ്പോൾ പൊട്ടിയാട്ടുക താൻ വരം"

ആദർശങ്ങളെക്കുറിച്ച് ഇടശ്ശേരി പുലർത്തിയിരുന്ന അഭിപ്രായമാണ് ഇവിടെ കേട്ടത്.

ഇടശ്ശേരിക്ക് ബുദ്ധനുമായുള്ള പരിചയം എപ്പോൾ മുതൽ ഏതുവഴി എന്നൊന്നും എനിക്കറിയാൻ കഴിഞ്ഞിട്ടില്ല. ഇടശ്ശേരി മനസ്സിലാക്കിയ ബുദ്ധൻ അദ്ദേഹത്തെ എത്രത്തോളം സ്വാധീനിച്ചിരുന്നു? ഇടശ്ശേരിയെയും ബുദ്ധനെയും ചേർത്തു പറഞ്ഞുകേട്ടിട്ടുള്ള കവിതകൾ 'ബിംബിസാരന്റെ ഇടയൻ', 'മാപ്പില്ല', 'ബുദ്ധനും ഞാനും നരിയും' എന്നിവയാണല്ലോ. ഇവിടെ എന്റെ ഊഹം ഇടശ്ശേരിക്ക് ബുദ്ധനുമായുള്ള പരിചയം എഡ്വിൻ ആർണോൾഡിന്റെ 'ലൈററ് ഒഫ് ഏഷ്യ' എന്ന ഇംഗ്ലീഷ് കാവ്യത്തിലൂടെയോ അതിനു നാലപ്പാട്ട് രചിച്ച 'പൗരസ്ത്യദീപം' എന്ന പരിഭാഷയിലൂടെയോ ആയിരുന്നു എന്നാണ്. 'ഇടശ്ശേരിയുടെ പ്രബന്ധങ്ങൾ' എന്ന ഗ്രന്ഥത്തിൽ ആദ്യത്തേതായി ചേർത്തിട്ടുള്ള 'എന്റെ കാഴ്ചപ്പാട്' എന്ന ലേഖനം തുടങ്ങുന്നത് ഇങ്ങനെയാണ്. "ജീവിതത്തിന്റെ ആകത്തുക ദുഃഖമാണ്. ദുഃഖവിശേഷണമായിട്ടേ സുഖം നിൽക്കുന്നുള്ളൂ."

ലൈറ്റ് ഓഫ് ഏഷ്യ എട്ടാം സർഗത്തിൽ ഇങ്ങനെ കാണാം:

"Life which ye prize is long drawn out agony
-Only Its pains abide; Its pleasures are
-As birds which light and fly."

ലേഖനത്തിലെ ആദ്യ വാക്യം ബുദ്ധൻ അരുളിയ നാല് ആര്യസത്യങ്ങളിൽ ആദ്യത്തേതായ 'എല്ലാം ദുഃഖം' എന്നതിനെ സൂചിപ്പിക്കുന്നു. പക്ഷേ, തുടർന്നുള്ള പരാമർശങ്ങളിൽ കാഴ്ചപ്പാട് വേറെയാണെന്നു കാണാം. വിശദാംശങ്ങൾ ഇവിടെ പ്രസക്തമല്ല. ശ്രീബുദ്ധൻ ഇടശ്ശേരിയുടെ കാവ്യപ്രപഞ്ചത്തിൽ ആഴത്തിൽ സ്വാധീനം ചെലുത്തിയിട്ടില്ല. ബുദ്ധനെ ഭാരതജനജീവിതത്തിലെ ഒരു ചരിത്രവസ്തുവായി അദ്ദേഹം അംഗീകരിക്കുന്നു. 1951-ലെ 'ബുദ്ധനും ഞാനും നരിയും' എന്ന ഏറെ വാഴ്ത്തപ്പെട്ട കവിതയിലെ ഈ വരികൾ നോക്കൂ.

"ചരിതാർഥനായ് ധ്യാനനിരതനായ് വാഴ്കയാ-
മിരുപതു നൂറ്റാണ്ടായ് മുനിയിവിടെ,
ഇര തേടും ക്രൗര്യങ്ങൾ നഖരമുരപ്പതു-
മറിയാതാം ധ്യാനപരതയോടെ."

ആ ബുദ്ധന്റെ പ്രതിമ തന്റെ നേർക്കു ചാടിയ നരിയുടെ മേൽ തള്ളിയിട്ട് അതിനെ ഹിംസിച്ചിട്ടാണു താൻ സ്വയം രക്ഷ നേടിയത് എന്ന പരിഹാസം ആ കവിതയിൽ തുളുമ്പിനിൽക്കുന്നു.

"പരമമി ലക്ഷ്യത്തിൽസ്സമസൃഷ്ടിച്ചെഞ്ചോര
പുരളാനിടയാ,യെൻ തെറ്റുതന്നെ.
ഇരുകാതം താണ്ടി ഞാൻ വരുവോളമെന്മക്കൾ
പൊരിയുകിൽ, ചാവുകിൽ തെറ്റല്ലെന്നോ?
ഇടയുള്ളോർ വാദിപ്പിൻ മാർഗവും ലക്ഷ്യവു-
മിടറിയോ, ഞാനൊന്നു തലചായ്ക്കട്ടെ."

"വാളിനൂണാകേണ്ട ജീവിയുടെ പകരക്കാരനാവുക" എന്ന ആശയം ഇടശ്ശേരിക്ക് ഇഷ്ടപ്പെട്ടിരിക്കണം. കാവ്യപ്രപഞ്ചത്തിൽ അദ്ദേഹം ഈ ആശയം ബുദ്ധനുമായി ബന്ധിപ്പിക്കുന്നു. ഉദാഹരണം: 'മാപ്പില്ല', 'ബിംബിസാരന്റെ ഇടയൻ' ഇടശ്ശേരിക്ക് ബുദ്ധനെക്കുറിച്ചുണ്ടായിരുന്ന അറിവ് 'ലൈററ് ഓഫ് ഏഷ്യ' (പൗരസ്തദീപം) വഴിയായിരുന്നു എന്ന ഊഹത്തിന് ഇവ നിദാനമാണ്.

എന്നാൽ ഇവിടെ ഒരു കാര്യം നാം ശ്രദ്ധിക്കേണ്ടതുണ്ട്. ഇടശ്ശേരിയുടെ മനസ്സിൽ ഒരു സന്ദർഭത്തിലെങ്കിലും ഗാന്ധിജിയും ബുദ്ധനും കൂടിച്ചേരുന്നുണ്ട്. 'ബുദ്ധനും ഞാനും നരിയും' എന്ന കാവ്യത്തിൽ അഹിംസ എന്ന പൊതുവായ ആശയത്തിന്റെ പ്രയോഗത്തിലെ അപര്യാപ്തതയെക്കുറിച്ചു പറയാൻ ബുദ്ധന്റെ പ്രതിമയെ ഉപയോഗിച്ചു.

അധീശശക്തിയുടെ മനംമാറ്റി അടിമകളുടെ മോചനം സാധിക്കാൻ ഗാന്ധിജി ഉപയോഗിച്ച അഹിംസയെ ആവാഹിച്ച് അവതരിപ്പിക്കാൻ ലൈറ്റ് ഓഫ് ഏഷ്യയിൽ ആർണോൾഡ് ബുദ്ധനെ

പ്പറ്റി പറയുന്ന ഒരു കഥ ഉപയോഗിച്ചു. ബിംബിസാരന്റെ യാഗശാലയിലേക്ക് ബുദ്ധൻ കുഞ്ഞാടിനെയും എടുത്തുകൊണ്ട് നടന്നുചെന്ന കഥ. കവിതയുടെ പേര് 'ബിംബസാരന്റെ ഇടയൻ' എഴുതിയത് 1964-ൽ. കൂട്ടത്തിൽ പറയട്ടെ. ബുദ്ധിസത്തിന്റെ അടിസ്ഥാനഗ്രന്ഥങ്ങളായ ത്രിപിടകങ്ങളിൽ ഈ കഥ കാണുന്നില്ല. ആർണോൾഡിന്റെ കഥയ്ക്ക് 'ദൈവത്തിന്റെ കുഞ്ഞാടുകളും ഇടയനും' എന്ന ക്രൈസ്തവ സങ്കല്പത്തോടാണു കൂടുതൽ അടുപ്പം.

ഇടശ്ശേരിക്കവിതയിൽ യാഗം എന്ന ദുരാചാരത്തെ എതിർത്ത ബുദ്ധനെയല്ല നാം കാണുന്നത്; അടിമത്തം അവസാനിപ്പിക്കുന്നത് അഹിംസയിലൂടെ എന്ന ആശയത്തിന്റെ വാഹകനായ ഒരു മഹാത്മാവിന്റെ പ്രതിരൂപമാണ്.